# ഭാരതീയ റിസർവ് ബാങ്ക്

ജൂൺ 13, 2017

## ചെക്ക് റിപ്പബ്ലിക്കിലെ ചെക്ക് നാഷണൽ ബാങ്കുമായി റിസർവ് ബാങ്ക് സൂപ്പർവൈസറി സഹകരണവും, സൂപ്പർവൈസറി വിവരവിനിമയവും സംബന്ധിച്ച സഹകരണ കരാറിൽ ഏർപ്പെടുന്നു.

ചെക്ക് റിപ്പബ്ലിക്കിലെ ചെക്ക് നാഷണൽ ബാങ്കുമായി റിസർവ് ബാങ്ക് സൂപ്പർവെസറി സഹകരണവും, സൂപ്പർവെസറി വിവര വിനിമയവും സംബന്ധിച്ച സഹകരണ കരാർ (ലെറ്റർ ഓഫ് കോ-ഓപ്പറേഷൻ) ഇന്ന് ഒപ്പു വച്ചു.

ചെക്ക് നാഷണൽ ബാങ്കിനുവേണ്ടി വൈസ് ഗവർണർ ശ്രീ. വ്‌ളാഡിമീർ ടോംസിക്കും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കുവേണ്ടി ഡെപ്യൂട്ടി ഗവർണർ ശ്രീ. എസ്. എസ്. മുന്ദ്രയുമാണ് മുംബെയിലെ റിസർവ് ബാങ്കിന്റെ കേന്ദ്ര ഓഫീസിൽ വച്ച് ലെറ്റർ ഓഫ് അഡ്മിനിസ്ട്രേഷൻ ഒപ്പു വച്ചത്. ബഹുമാന്യനായ ചെക്ക് റിപ്പബ്ലിക് അംബാസിഡർ ശ്രീ. മിലാൻ ഹൊവൊർക്ക ചടങ്ങിൽ പങ്കെടുത്തു.

സൂപ്പർവൈസറി തലത്തിലുള്ള വിവരങ്ങൾ കൈമാറുന്നതിനും കൂടുതൽ സഹകരണത്തിനുമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിരവധി രാജ്യങ്ങളുമായി ധാരാണാപത്രവും, സഹകരണപത്രവും, സഹായസഹകരണ കരാറുകളും രേഖകളും കൈമാറിയിട്ടുണ്ട്. ഇതോടെ റിസർവ് ബാങ്ക് 40 ഇത്തരം ധാരണാപത്രവും സഹകരണപത്രവും, സഹകരണ രേഖയും ഒപ്പു വച്ചിരിക്കുന്നു.

**അജിത് പ്രസാദ്**

പ്രസ് റിലീസ് **2016-17/3362** അസിസ്റ്റന്റ് അഡൈ്വസർ